# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.04.2025**

## പ്രധാനവാർത്തകൾ

1.) വഖഫ് ഭേദഗതി ബിൽ അല്പസമയത്തിനകം രാജ്യസഭ പരിഗണിക്കും.

2.) ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാൻ തായ്‌ലൻഡിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള വരവേൽപ്പ്.

3.) ജൂഡീഷ്യറിയുടെ സുതാര്യത ഉറപ്പാക്കുന്നതിനായി സുപ്രീംകോടതി ജഡ്ജിമാർ സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തും.

4.) സ്റ്റാർട്ടപ്പ് മഹാകുംഭിന്റെ രണ്ടാം പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കമായി. കേരളത്തിൽ നിന്ന് 16 സ്റ്റാർട്ടപ്പുകൾ പങ്കെടുക്കുന്നു.

5.) എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ മൂല്യനിർണയം ആരംഭിച്ചു.

6.) ആശ പ്രവർത്തകർ ഉന്നയിക്കുന്ന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ യൂണിയൻ നേതാക്കളുമായി മന്ത്രി വീണാ ജോർജ് ഇന്ന് ചർച്ച നടത്തും.

************************************

RNUTVPM

## പാർലമെൻറ് നടപടികൾ

വഖഫ് ഭേദഗതി ബിൽ ഇന്ന് രാജ്യസഭ പരിഗണിക്കും. പന്ത്രണ്ടുമണിക്കൂർ ഏറെ നീണ്ട ചർച്ചക്ക് ഒടുവിൽ ഇന്ന് പുലർച്ചെയാണ് ലോക്സഭ വഖഫ് ഭേദഗതി ബിൽ പാസാക്കിയത്. വഖഫ് സ്വത്തുക്കളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക, പൈതൃക സ്ഥലങ്ങൾ സംരക്ഷിക്കുക തുടങ്ങിയ വ്യവസ്ഥകൾ ബില്ലിലുണ്ട്. അതേസമയം, പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൻറെ പതിനാറാം ദിനമായ ഇന്ന് ലോക്സഭ കോസ്റ്റൽ ഷിപ്പിങ് ബിൽ 2024 ചർച്ചയ്ക്കെടുക്കും.

***********************************

## പ്രധാനമന്ത്രി

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാൻ തായ്‌ലൻഡിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള വരവേൽപ്പ്. ബാങ്കോക്ക് വിമാനത്താവളത്തിൽ ഔപചാരിക ഗാർഡ് ഓഫ് ഓണർ നൽകിയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. തായ്‌ലൻഡിലെ ഇന്ത്യൻ സമൂഹവും ആവേശകരമായ സ്വീകരണമാണ് പ്രധാനമന്ത്രിക്ക് ഒരുക്കിയത്. തായ്‌ലൻഡ് പ്രധാനമന്ത്രിയുമായി ശ്രീ.മോദി ഉഭയകക്ഷി ചർച്ച നടത്തും.

***********************************

## സുപ്രീംകോടതി

ജുഡീഷ്യറിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി സുപ്രീംകോടതി ജഡ്ജിമാർ സ്വത്തു വിവരങ്ങൾ വെളിപ്പെടുത്തും. കഴിഞ്ഞ ദിവസം ചേർന്ന ഫുൾ

RNU TVPM

കോർട്ട് യോഗത്തിലാണ് തീരുമാനം. സ്വത്ത് വിവരങ്ങൾ സുപ്രീംകോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

***********************************

## സ്റ്റാർട്ടപ്പ് മഹാകുംഭ്

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സ്റ്റാർട്ടപ്പ് മഹാകുംഭ് 2025ന് തുടക്കമായി. കേരള സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള പതിനാറ് സ്റ്റാർട്ടപ്പുകൾ പരിപാടിയിൽ പങ്കെടുക്കുന്നു. രാജ്യത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷവും നയങ്ങളും നവീകരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭിൻറെ രണ്ടാം പതിപ്പാണിത്.

***********************************

RNU TVPM

## മൂല്യനിർണയം... (ഇൻട്രോ)

എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ആരംഭിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിക്കോട്......**

(വോയ്സ്)

***********************************

## സമ്മതപത്രം-മുണ്ടക്കൈ

മുണ്ടക്കൈ-ചൂരൽമല അതിജീവിതർക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന മാതൃക ടൗൺഷിപ്പിലേക്ക് ഗുണഭോക്താക്കൾക്ക് സമ്മതപത്രം സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. സമ്മതപത്രങ്ങളുടെ പരിശോധന നാളെ ആരംഭിക്കും.

***********************************

## ആശ പ്രവർത്തകർ - സമരം

ആശ പ്രവർത്തകർ ഉന്നയിക്കുന്ന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിവിധ യൂണിയനുകളുടെ നേതാക്കളുമായി ആരോഗ്യമന്ത്രി വീണാ ജോർജ് ഇന്ന് ചർച്ച നടത്തും. പകൽ മൂന്നിന് സെക്രട്ടറിയറ്റ് അനക്സിലാണ് യോഗം. കേന്ദ്ര ട്രേഡ് യൂണിയൻ ഭാരവാഹികളെയും വിളിച്ചിട്ടുണ്ട്.

***********************************

## എൻഡിഎ നേതൃയോഗം

എൻഡിഎയുടെ നേതൃയോഗം ഇന്ന് ഉച്ചക്കുശേഷം ചേർത്തലയിൽ ചേരും. രാജീവ് ചന്ദ്രശേഖർ ബി ജെ പി സംസ്ഥാന അധ്യക്ഷനായ ശേഷമുള്ള ആദ്യ യോഗമാണിത്. ഇന്ന് രാവിലെ പെരുന്നയിലെ എൻഎസ്എസ് ആസ്ഥാനത്ത് എത്തിയ രാജീവ് ചന്ദ്രശേഖർ എൻഎസ്എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരുമായി കൂടിക്കാഴ്ച നടത്തി. കണിച്ചുകുളങ്ങരയിലെ വീട്ടിലെത്തി എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനുമായും കൂടിക്കാഴ്ച നടത്തി.

***********************************

## ബ്രേക്ക്...

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

***********************************

RNU TVPM

## മോക്ക് ഡ്രിൽ

ചുഴലിക്കാറ്റിന്റെയും അനുബന്ധ ദുരന്തങ്ങളുടെയും തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി ദേശീയ - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികൾ സംയുക്തമായി മോക്ക് ഡ്രിൽ സംഘടിപ്പിക്കും. എറണാകുളം ഒഴികെയുള്ള ജില്ലകളിൽ 26 സ്ഥലങ്ങളിലായി ഈ മാസം 11 ന് ഒരേ സമയത്താണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്.

************************************

## ആറളം കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ആറളം ഫാമിൽ തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ തുരത്തുന്നതിനുള്ള രണ്ടാം ഘട്ട നടപടികൾ തുടരുന്നു. ഇന്നലെ നാല് ആനകളെ വനത്തിലേക്ക് തുരത്തി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

************************************

## ഹജ്ജ്

ഈ വർഷത്തെ ഹജ്ജിന് അപേക്ഷ സമർപ്പിച്ച് വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടവർ, ഇനിയവസരം ലഭിച്ചാൽ ഹജ്ജിന് പോകാൻ തയ്യാറുള്ളവർ എന്നിവർക്ക് സമ്മതപത്രം സമർപ്പിക്കാനുള്ള അവസാനദിനമാണ് ഇന്ന്. സമ്മതപത്രം ഓൺലൈനായി സമർപ്പിച്ചാൽ മാത്രമേ ഹജ്ജിന് പരിഗണിക്കുകയുള്ളൂ.

************************************

RNU TVPM

## നെന്മാറ-വല്ലങ്ങി വേല-പാലക്കാട് .. (ഇൻട്രോ)

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേല ഇന്ന് ആഘോഷിക്കുന്നു. ഇരു ദേശങ്ങളിൽ നിന്നുമുള്ള എഴുന്നള്ളത്തുകൾ ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

(വോയ്സ്)

***********************************

## ഐ പിഎൽ

ഐ പിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ഇന്നലത്തെ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ഗുജറാത്ത് ടൈറ്റൻസിന് 8 വിക്കറ്റിന് തോൽപിച്ചു.

RNU TVPM

***********************************

## ഐ എസ് എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബാൾ രണ്ടാം സെമിയിൽ ഇന്ന് ജംഷഡ്പൂർ എഫ്.സി , മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും .

***********************************

## ഓഹരി, സ്വർണം

ഓഹരി വിപണികളിൽ ചാഞ്ചാട്ടം. ഇന്ത്യയടക്കം നിരവധി രാജ്യങ്ങൾക്ക് അമേരിക്ക ഇറക്കുമതിചുങ്കം

പ്രഖ്യാപിച്ചതോടെ വിപണികളിൽ അത് പ്രതിഫലിക്കുമെന്നാണ് ആദ്യ ഫലം സൂചിപ്പിച്ചതെങ്കിലും നേരിയ ചാഞ്ചാട്ടം മാത്രമാണ് ദൃശ്യമായത്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 500 പോയിൻറ് ഇടിവോടെയാണ് വ്യാപാരം ആരംഭിച്ചതെങ്കിലും 245 പോയിൻറ് നഷ്ടത്തിൽ 76,374 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 54 പോയിന്റ് ഇടിഞ്ഞ് 23,276 ലും വ്യാപാരം പുരോഗമിക്കുന്നു . സ്വർണവിലയിൽ വർദ്ധന. ഗ്രാമിന് 50 രൂപ വർദ്ധിച്ച് 8,560 രൂപയും പവന് 400 രൂപ വർദ്ധിച്ച് 68,480 രൂപയുമാണ് ഇന്നത്തെ വില.

***********************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഞായർവരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNUTVPM

***********************************

## പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്

നിയമവിരുദ്ധ റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കോട്ടയത്തെ നിരവധി ഏജൻസികളിൽ മിന്നൽ പരിശോധന . സാധുവായ ലൈസൻസുകളില്ലാതെയാണ് ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നതെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തി. റിക്രൂട്ടിങ് ഏജൻസികളുടെ സേവനം സ്വീകരിക്കുന്നതിനുമുമ്പ് അവ നിയമാനുസൃതമാണോ എന്ന് ഇ-മൈഗ്രേറ്റ് പോർട്ടലിൽ പരിശോധിച്ച് ഉറപ്പാക്കണമെന്ന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് അറിയിച്ചു.

***********************************

## വിഷുബമ്പർ

സംസ്ഥാന സർക്കാരിന്റെ വിഷുബമ്പർ ഭാഗ്യക്കുറി വിപണിയിൽ എത്തി. 12 കോടി രൂപയാണ് ഒന്നാം സമ്മാനത്തുക . ടിക്കറ്റിന് 300 രൂപയാണ് വില.

***********************************

## ഇടുക്കി ടിപ്പർ ലോറി

ഇടുക്കിയിലെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട് 14 ടിപ്പർ ലോറികൾ പോലീസ് കസ്റ്റഡിയിൽ എടുത്തു. അനധികൃതമായി കരിങ്കല്ല് കടത്തിയ ലോറികളാണ് പിടികൂടിയത്.

RNU TVPM

***********************************

## വേനലവധി ക്ലാസ് വിലക്ക്

മധ്യവേനലവധിക്കാലത്ത് ക്ലാസ് നടത്തുന്നത് വിലക്കി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ കർശനമായി നടപ്പാക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവിട്ടു. ഉത്തരവ് നടപ്പാക്കുന്നുണ്ടോ എന്ന് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിക്കണം. സ്വകാര്യ ട്യൂഷൻ സെന്ററുകളുടെ സമയക്രമം രാവിലെ 7. 30 മുതൽ 10. 30 വരെ എന്നത് ലംഘിക്കുന്നവർക്കെതിരെയും നടപടി സ്വീകരിക്കും.

***********************************

## ജലവിതരണം- കോഴിക്കോട്

ദേശീയപാത -66ൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ നാളെ മുതൽ ആറാം തീയതി വരെ പെരുവണ്ണാമൂഴി ജല

ശുദ്ധീകരണശാല അടച്ചിടുമെന്ന് അധികൃതർ അറിയിച്ചു. കോഴിക്കോട് കോർപ്പറേഷനിലും നിരവധി പഞ്ചായത്തുകളിലും ഫറോക്ക് മുൻസിപാലിറ്റിയിലും, ജലവിതരണം പൂർണ്ണമായി മുടങ്ങും.

***********************************

## ജലവിതരണം - തിരുവനന്തപുരം

പൈപ്പ് ലൈനിൽ പണി നടക്കുന്നതിനാൽ തിരുവനന്തപുരം നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇന്നലെ മുതൽ ജല വിതരണം തടസ്സപ്പെട്ടു. നഗരത്തിലെ 56 വാർഡുകളിൽ കുടിവെള്ള വിതരണം പ്രതിസന്ധിയിലായി. നാളെ വൈകി വിതരണം പുനഃസ്ഥാപിക്കാനാകുമെന്നാണ് പ്രതീക്ഷയെന്ന് അധികൃതർ അറിയിച്ചു .

***********************************

## റെയിൽവേ പാത

അതേസമയം, തിരുവനന്തപുരം - നാഗർകോവിൽ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കരമന ശാസ്ത്രി നഗർ അണ്ടർപാസിന് അടുത്തുള്ള ട്രാൻസ്മിഷൻ മെയിനിൻറെ അലൈൻമെന്റ് മാറ്റിയിടുന്ന പ്രവൃത്തി പൂർത്തിയായെന്ന് അധികൃതർ അറിയിച്ചു.

***********************************

RNU TVPM

## ചിത്ര പ്രദർശനം

ചലച്ചിത്ര താരം ഷീല വരച്ച ചിത്രങ്ങളുടെ പ്രദർശനം. കോഴിക്കോട് ലളിത കലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ തുടങ്ങി. മേയർ ബീനാ ഫിലിപ്പ് പ്രദർശനം ഉദ്ഘാടനം ചെയ്തു.

*********************************

## പാർട്ടി കോൺഗ്രസ്

മധുരയിൽ നടക്കുന്ന സിപിഐ എം പാർട്ടി കോൺഗ്രസിൽ ഇന്ന് പൊതുചർച്ചകൾ നടക്കും. 'ഫെഡറലിസം ഇന്ത്യയുടെ ശക്തി' എന്ന സെമിനാറിൽ മുഖ്യമന്ത്രി പിണറായി വിജയനൊപ്പം തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പങ്കെടുക്കും. അഞ്ചു ദിവസം നീളുന്ന പാർട്ടി കോൺഗ്രസ് ഈ മാസം ആറിന് സമാപിക്കും.

*************************************************************************

********************************

RNUTVPM